# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1119 02/05/2017-ൽ മറുപടിക്ക്

### പി.എം.കെ.എസ്.വൈ പദ്ധതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
(ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-2017 സാമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ് .വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം നൽകുമോ; | എ) | 2016-2017 സാമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>• സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാതല ഇറിഗേഷൺ പ്ലാനുകൾക്ക് .അന്തിമ രൂപം നൽകുകയും സംസ്ഥാനതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.<br>• ആത്മയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും സമേതീയുടെ ആഭിമുഖ്യത്തിലും കർഷകർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും പി.എം.കെ. എസ്.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകി.<br><br>2016-2017 സാമ്പത്തിക വർഷം ഗ്രാമ വികസന വകുപ്പിന്റെ പി.എം.കെ.എസ്.വൈ നീർത്തട ഘടകം മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു; |

| ഇനം | 2016-2017 വർഷത്തെ നേട്ടങ്ങൾ (എണ്ണം) |
|---|---|
| ചെക്ക് ഡാം നിർമ്മാണം | 94 |
| കുളം നിർമ്മാണം | 34 |
| മറ്റു ജലസംഭരണ സംവിധാനങ്ങൾ (മഴവെള്ള സംഭരണി, കിണർ റീചാർജ്ജ് മുതലായവ). | 1614 |
| പഴയ ജലസംഭരണ സംവിധാനങ്ങളുടെ പുനരുദ്ധാരണം | 859 |
| ജലസേചനം ലഭ്യമാക്കാവുന്ന പ്രദേശം | 5449(ha) |
| പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണം | 24299 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 205297 |
| അധികമായി കൃഷി ചെയ്ത പ്രദേശം (ഫലവൃക്ഷം, വനവൽക്കരണം ഉൾപ്പെടെ) | 4397 ha |
| രൂപീകരിക്കപ്പെട്ട സ്വയം സഹായ സംഘങ്ങളുടെ എണ്ണം | 1876 |
| ജീവനോപാധി സഹായം ലഭ്യമാക്കിയത് | 2999jLGs |
| റീചാർജ്ജ് ചെയ്ത കിണറുകളുടെ എണ്ണം | 5696 |
| മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ ഏറ്റെടുത്ത പ്രദേശം | 4029.48Ha |
| തോടുകളുടെ പരിപാലനം | 32391.2(cum) |
| ഉല്പാദന വർദ്ധനവിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ | 952.137Ha |
| | |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദി ച്ചെന്ന് വ്യക്തമാക്കുമോ; | ബി) | പദ്ധതി നടത്തിപ്പിനായി 2016 - 2017 വർഷം കൃഷി വകുപ്പിന് കേന്ദ്ര ഫണ്ട് ലഭ്യമായിട്ടില്ല. ഗ്രാമ വികസന വകുപ്പിന് 16.62 കോടി രൂപ അനുവദിച്ചിട്ടുണ്ട് . |
| (സി) | പദ്ധതി നടപ്പിലാക്കാൻ ഏല്പിച്ചിരിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | സി) | .കൃഷി, ജലസേചന, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേനയാണ് പി.എം.കെ.എസ്.വൈ പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ